**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2395** **21-01-2021 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. അൻവർ സാദത്ത് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ലോട്ടറി നിയമത്തിലെ ചില വകുപ്പുകൾ ഹൈക്കോടതി റദ്ദുചെയ്ത സാഹചര്യം മുതലെടുത്ത് സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറികൾ വില്ക്കുന്നതിന് ലോട്ടറി മാഫിയ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ലോട്ടറിയുടെ ഇരട്ട നികുതി 28 ശതമാനമായി ഏകീകരിച്ച ജി.എസ്.ടി. കൗൺസിൽ നടപടി അന്യസംസ്ഥാന ലോട്ടറികൾക്ക് സഹായകമായിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഹൈക്കോടതി വിധി നിലവിലുണ്ടെങ്കിലും പേപ്പർ ലോട്ടറി ആക്ടിലെ നിലവിലുള്ള നിബന്ധനവച്ച് അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ; | (സി) | അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കു വാൻ സാധിക്കും. കേരള GST Amendment Rule 2017-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബ ന്ധനകൾ പാലിച്ചുകൊണ്ടു മാത്രമെ കേരള ത്തിനുള്ളിൽ ലോട്ടറി വിൽപ്പന നടത്താൻ പാടുള്ളൂ. കേന്ദ്ര ലോട്ടറി റെഗുലേഷൻ ആക്ട് 1998 സബ് റൂൾ 7(3) പ്രകാരം നിയമ നടപടിയ്ക്ക് വ്യവസ്ഥകൾ നിലവിലുണ്ട്. |
| (ഡി) | അന്യസംസ്ഥാന ലോട്ടറി മാഫിയയുടെ കടന്നുകയറ്റം തടയുന്നതിനും സംസ്ഥാന ലോട്ടറിയെ രക്ഷിക്കുന്നതിനും ശക്തമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ? | (ഡി) | അന്യസംസ്ഥാന ലോട്ടറി മാഫിയയുടെ കടന്നുകയറ്റം തടയുന്നതിനും സംസ്ഥാന ലോട്ടറിയെ രക്ഷിക്കുന്നതിനും കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ